ND.C.30/16,dt.30.08.16

30.08.2016

**വിശുദ്ധപദവിയിലേക്കുയർത്തപ്പെടുന്ന മദർ തെരേസ**

വന്ദ്യവൈദികരേ, സന്യസ്തരേ, വത്സലമക്കളേ,

കാരുണ്യത്തിന്റെ അസാധാരണ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ സാർവ്വത്രികസഭ കരുണയുടെ മാലാഖയായ മദർ തെരേസയെ ഇന്നേ ദിനം വിശുദ്ധ പദവിലേക്ക് ഉയർത്തുന്ന വിവരം ഏവർക്കും അറിവുള്ളതാണല്ലോ. 20-ാം നൂറ്റാണ്ടിന്റെ മിഷണറി എന്നു വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ വിശേഷിപ്പിച്ച മദർ തെരേസ, കൽക്കത്തയിലെ തെരുവോരങ്ങളിലും ലോകമെങ്ങും വിശക്കുന്നവനിലും ദാഹിക്കുന്നവനിലും രോഗിയിലും കാരാഗൃഹവാസിയിലും ഭവനരഹിതനിലും പരദേശിയിലും പരിത്യക്തനിലും ക്രിസ്തുവിനെ ദർശിച്ച്, *''എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണു ചെയ്തു തന്നത്''* (മത്തായി 25:40) എന്ന ദൈവവചനം മദർ അന്വർത്ഥമാക്കി. ക്രിസ്തുവിനെ സ്വന്തം ഭവനത്തിലും അയൽപക്കത്തും കണ്ടെത്താനും ''ക്രിസ്തു വേഷപ്രച്ഛന്നനായി വന്നിരിക്കുന്നതാണ് പാവപ്പെട്ടവർ'' എന്നും മദർ പഠിപ്പിച്ചു.

1910 ആഗസ്റ്റ് 27 ൽ യൂഗോസ്ലാവിയയിലെ സ്കോപ്ജെ നഗരത്തിൽ അൽബേനിയൻ വംശജരായ നിക്കലോ ബോജക്സിയുടെയും ഡ്രാനയുടെയും മൂന്നുമക്കളിൽ ഇളയവളായി ആഗ്നസ് ഗോങ്ഷാ ബോജക്സി ജനിച്ചു. അൽബേനിയൻ പദമായ ഗോങ്ഷായുടെ അർത്ഥം പൂമൊട്ട് എന്നാണ്. ആഗ്നസ് ഗോങ്ഷായുടെ പിതാവ് പ്രമുഖ വ്യാപാരിയായിരുന്നു. അദ്ദേഹം മനുഷ്യസ്നേഹിയും രാജ്യസ്നേഹിയും ആദർശധീരനുമായിരുന്നു. നിക്കോളയും ഡ്രാനയും ദരിദ്രരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും വളരെ കരുണ കാണിച്ചിരുന്നു. ഏത് ആവശ്യങ്ങളിലും പാവങ്ങളെ സഹായിക്കാൻ സന്നദ്ധരായിരുന്നു. അതുപോലെ കരുണയിലും സ്നേഹത്തിലും നല്ല സ്വഭാവത്തിലും അവർ മക്കളെ വളർത്തി. അങ്ങനെ പ്രഥമ വിദ്യാലയമായ കുടുംബത്തിൽ നിന്നും നന്മയുടെ ബാലപാഠങ്ങൾ ആഗ്നസ് സ്വന്തമാക്കി. 8-ാം വയസ്സിൽ പിതാവിനെ നഷ്ടമായ ആഗ്നസ് അമ്മയുടെയും സഹോദരൻ ലാസറിന്റെയും സഹോദരി ആഗായുടെയും തണലിൽ വളർന്നു വന്നു. 1928 സെപ്തംബർ 26 ന ആഗ്നസ് അയർലന്റിലെ ലൊറേറ്റോ കോൺവെന്റിൽ പ്രവേശിച്ചു. അവിടുത്തെ പരിശീലനത്തിനു ശേഷം ഇന്ത്യയിലേക്കു കപ്പൽ കയറി. 1929 ജനുവരി 26 ന കൽക്കത്തയിലെ ലൊറേറ്റോ കോൺവെന്റിൽ ചേർന്നു തെരേസ എന്ന പേരു സ്വീകരിച്ചു. 16 വർഷം അധ്യാപികയായും തുടർന്നു സമർത്ഥയായ പ്രിൻസിപ്പാളായും സേവനമനുഷ്ഠിച്ചു.

1946 സെപ്തംബർ 10 ന ഡാർജിലിംഗിലേക്കു ഒരു ധ്യാനത്തിനായി പോകവെ പ്രത്യേക ദൈവസ്വരം ശ്രവിച്ചു ലൊറേറ്റോ കോൺവെന്റിൽ നിന്നും പുറത്തിറങ്ങി മിഷണറീസ് ഓഫ് ചാരിറ്റി എന്ന സഭ സ്ഥാപിച്ചു. കൽക്കത്ത നഗരം ഗാഢനിദ്രയിലായിരിക്കുമ്പോൾ തന്നെ രണ്ട് മണിക്കൂർ നേരം ദിവ്യകാരുണ്യ സന്നിധിയിൽ ആയിരുന്നുകൊണ്ടു മറ്റുള്ളവർ ചെയ്യാൻ മടിക്കുന്ന ജോലികൾ ചെയ്യാൻ സഹായിക്കണമെ എന്ന പ്രാർത്ഥനക്കു ശേഷം ശുചീകരണവും പാചകവും വിളമ്പലും വസ്ത്രമലക്കലും ഓഫീസ് ജോലികളും അധ്യാപന വൃത്തിയും കുഷ്ഠരോഗാശുപത്രികളിലെയും ക്ലിനിക്കുകളിലെയും ജോലികളും മദർ ഏറെ വാത്സല്യത്തോടെ ചെയ്തു. ചില ദിവസങ്ങളിൽ നാലു മണിക്കൂർ മാത്രമേ ഉറങ്ങിയിരുന്നുള്ളൂ. ഒരിക്കൽ പോലും മദർ സാമ്പത്തിക പരാധീനതയെക്കുറിച്ച്

ആവലാതിപ്പെട്ടിരുന്നില്ല. സമയാസമയം മദറിന ആവശ്യമായത് എവിടെ നിന്നെങ്കിലും ലഭിച്ചിരുന്നു.

ഇന്നു ലോകത്തുള്ള വിവിധ ആശ്രമ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന 85 ശിശു ഭവനങ്ങൾ വഴി 31,500 കുട്ടികൾ സംരക്ഷിക്കപ്പെടുന്നു. ചേരിയിലെ കുട്ടികൾക്കു വേണ്ടി 210 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ലോകത്തിന്റെ വിവിധ കേന്ദ്രങ്ങളിലായി 56,000 പേർക്ക് ദിനംപ്രതി ഭക്ഷണം നൽകി വരുന്നു. 135 ൽ പരം കുഷ്ഠരോഗാശുപത്രികൾ മദർ സ്ഥാപിച്ചിട്ടുണ്ട്. മിക്കവാറും എല്ലാ രാജ്യങ്ങളിലും മദർ സ്ഥാപിച്ചിട്ടുള്ള ഒരു ആശുപത്രിയെങ്കിലും ഉണ്ട്. 1963 ൽ പുരുഷന്മാർക്കായി ഉപവിയുടെ സഹോദരന്മാർ എന്ന ഒരു സഭാ സമൂഹം സ്ഥാപിക്കുകയുണ്ടായി. 22 രാജ്യങ്ങളിലായി 400-ലേറെ അംഗങ്ങൾ ഈ സഭയിലുണ്ട്. സിസ്റ്റേഴ്സിനു വേണ്ടി 1976 -ൽ ഒരു ആരാധാന സഭയും സ്ഥാപിക്കുകയുണ്ടായി. ഉപവിയുടെ സഹോദരിമാർ ദാരിദ്ര്യവ്രതം കർശനമായും പാലിക്കുന്നു. പ്രാർത്ഥന നമ്മുടെ ഹൃദയത്തെ വിശാലമാക്കുകയും ദൈവത്തിന്റെ അനുഗ്രഹങ്ങളും ദാനങ്ങളും ഉൾക്കൊളളാൻ അതിനെ യോഗ്യമാക്കുകയും ചെയ്യുന്നുവെന്ന് മദർ പഠിപ്പിച്ചിരുന്നു.

ജീവകാരുണ്യ പ്രവർത്തനങ്ങൾ പരിഗണിച്ച് പത്മശ്രീ അവാർഡ്, പോപ്പ് ജോൺ ഇരുപത്തിമൂന്ന് സമാധാന അവാർഡ്, നല്ല സമരിറ്റൻ അവാർഡ്, ജോൺ എഫ്. കെന്നഡി ഇന്റർനാഷണൽ അവാർഡ്, നെഹ്റു അവാർഡ്, റ്റെംപിൾറ്റൺ അവാർഡ്, സമാധാനത്തിനു വേണ്ടിയുള്ള നോബൽ സമ്മാനം, ഭാരത രത്നം അവാർഡ് തുടങ്ങിയവ മദറിനെ തേടിയെത്തിയ അംഗീകാരങ്ങളിൽ ചിലതുമാത്രം. പോൾ ആറാമൻ പാപ്പ സമ്മാനമായി നൽകിയ കാർ ലേലം ചെയ്ത് ആ പണം കൊണ്ട് ശാന്തിനഗർ എന്ന പേരിൽ ഒരു കുഷ്ഠരോഗാശുപത്രി സ്ഥാപിച്ചു. അവാർഡുവഴി ലഭിച്ച തുകയും കുഷ്ഠരോഗാശുപത്രി, ദരിദ്രർക്കു ഭവനം എന്നിവയ്ക്കു ചെലവഴിച്ചു.

1997 ൽ സുപ്പീരിയർ ജനറൽ സ്ഥാനമൊഴിയുകയും അതേ വർഷം സെപ്തംബർ 5 ന മരണമടഞ്ഞ് രാജ്യത്തിന്റെ ഔദ്യോഗിക ബഹുമതികളോടെ അടക്കപ്പെട്ടു. 2003 ഒക്ടോബർ 19 ന വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ മദറിനെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.

ഇന്നേ ദിനം പരിശുദ്ധ ഫ്രാൻസിസ് പാപ്പ മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നു. കാരുണ്യം ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും ഒഴുകി വരുന്ന സ്നേഹ സ്പർശവും ദൈവീക വരദാനവുമാണ്. സ്വന്തം ജീവിതം മറന്നുകൊണ്ട് അഗതികൾക്കായി തന്റെ ജീവിതം മാറ്റി വച്ച മദർ ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ മാതൃകയാണ് ജീവിതം കൊണ്ട് നമുക്ക് വരച്ചുകാട്ടി തരുന്നത്. മദർതെരെസയെപ്പൊലെ കാരുണ്യമാകുന്ന ബലിയി ലൂടെ കർത്താവിന പ്രിയങ്കരരാകുവാൻ നമുക്ക് സാധിക്കണം. ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളാകുവാൻ മദറിന്റെ ജീവിത ശൈലി നമുക്കും അനുകരിക്കാം. പ്രത്യേകിച്ച് ഈ കാരുണ്യവർഷത്തിൽ മദർ തെരെസയുടെ പാവനസ്മരണക്കു മുന്നിൽ പ്രണമിച്ചു കൊണ്ട് ഇന്നേ ദിനം പ്രത്യേക ഉപവി പ്രവർത്തനങ്ങളിൽ വ്യാപൃതരാകാം. അനാഥാലയ സന്ദർശനം, രോഗീ സന്ദർശനം, ആശുപത്രി സന്ദർശനം, വിദ്യാഭ്യാസ സഹായം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഈ ദിനം ധന്യമാക്കാം. ദൈവസ്നേഹത്തെ പ്രതി നിങ്ങൾ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

സ്നേഹാശംസകളോടെ,

നെയ്യാറ്റിൻകര
30.08.2016

റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാ മെത്രാൻ